# തിരുകൊച്ചി കമ്പനിയുടെ നീര വിപണിയിലേക്ക്

കൊച്ചി: തിരുകൊച്ചി കമ്പനിയുടെ 200 എം.എൽ, ഒരു ലിറ്റർ ബോട്ടിലുകളിലാക്കിയ നീരയുടെ ലോഞ്ചിങ് ശനിയാഴ്ച വൈകുന്നേരം നാലിന് നാളികേര വികസന ബോർഡ് കൊച്ചി ആസ്ഥാനത്ത് എക്സൈസ് മന്ത്രി കെ. ബാബു നിർവഹിക്കും.

ചടങ്ങിൽ കൊച്ചി മേയർ ടോണി ചമ്മണി, ഹൈബി ഈഡൻ എം.എൽ.എ എന്നിവർ വിശിഷ്ടാതിഥികളാകും. ബോർഡ് ചെയർമാൻ ടി.കെ. ജോസ് മുഖ്യപ്രഭാഷണം നടത്തും.

എറണാകുളം ജില്ലയിലെ നാളികേര ഉൽപാദക സൊസൈറ്റികളുടെ നേതൃത്വത്തിൽ രൂപം കൊടുത്ത തിരുകൊച്ചി നാളികേര ഉൽപാദക കമ്പനിയുടെ നീര ശർക്കര കേക്ക് വിപണിയിൽ എത്തിച്ചിരുന്നു. നീര ഹണി, ജാഗരി എന്നീ അനുബന്ധ ഉൽപന്നങ്ങളും വിപണിയിലെത്തിക്കാൻ സജ്ജമായിരിക്കുന്നെന്ന് കമ്പനി അറിയിച്ചു.

ഉദ്ഘാടന ചടങ്ങിൽ തിരുകൊച്ചി നാളികേര ഉൽപാദക കമ്പനി ചെയർമാൻ ജോസഫ് ബാബു അധ്യക്ഷത വഹിക്കും.